സ്കൂൾതല മത്സരങ്ങളിൽ ചെസ്

67 (1122) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾതല മത്സരങ്ങളിൽ 'ചെസ്' (CHESS) ഒരു ഇനമായി പരിഗണിച്ചിട്ടുണ്ടോ ;

(ബി) കുട്ടികളുടെ ബൗദ്ധിക നിലവാരം ഉയർത്താനുതകുന്ന അന്തർദ്ദേശീയ പ്രശസ്തിയാർജ്ജിച്ച ഈ വിഭാഗം മത്സരം നാളിതുവരെ സ്കൂൾതല മത്സരയിനമായി ഉൾപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) 'ചെസ്' ഒരു മത്സരയിനമായി സ്കൂൾ തലത്തിൽ ആരംഭിക്കുന്നതിനു വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി&സി) ഉദിക്കുന്നില്ല.

നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്

68 (1123) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് 2010 മുതൽ 2013 വരെ എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചെന്ന് വിശദമാക്കുമോ ;

(ബി) വിജയിച്ച വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000 രൂപ പ്രകാരം കഴിഞ്ഞ നാല് വർഷം എത്ര വിദ്യാർത്ഥികൾക്ക് നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) അർഹരായ വിദ്യാർത്ഥികൾക്ക് ബാക്കി തുക നൽകാനുണ്ടോ ; ഉണ്ടെങ്കിൽ തുക നൽകാനുള്ള വിദ്യാർത്ഥികളുടെ പേരും തുകയും വിശദമാക്കുമോ ;

(ഡി) സ്കോളർഷിപ്പ് തുക നൽകാൻ ബാക്കിയുണ്ടെങ്കിൽ ഇതുവരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ നിന്ന് 3473 കുട്ടികൾക്ക് ഓരോ വർഷവും നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർസിപ്പ് ലഭിക്കുന്നുണ്ട്.

(ബി) കേന്ദ്ര മാനവശേഷി മന്ത്രാലയം നൽകി വരുന്ന ഈ സ്കോളർഷിപ്പ് 2010-11 മുതൽ DBT പദ്ധതി പ്രകാരം കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്തു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) അർഹരായ വിദ്യാർത്ഥികളിൽ 2009-2011 വർഷത്തിൽ 213 കുട്ടികൾക്കും 2011-12 വർഷത്തിൽ 2314 കുട്ടികൾക്കും തുക ലഭ്യമായിരുന്നില്ല. കുട്ടികളുടെ അക്കൗണ്ട് നമ്പരിലെ പിഴവാണ് ഇതിനു കാരണം. അക്കൗണ്ട് നമ്പർ ശരിയാക്കി കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് അയയ്ക്കുന്നുണ്ട്. അപ്രകാരം കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നുമുണ്ട്. 2012-13 വർഷത്തിൽ 2621 കുട്ടികളുടെ വിവരങ്ങൾ ശരിയാക്കി നൽകിയിട്ടുണ്ട്. DBT പദ്ധതിയിലെ സാങ്കേതികമായ തടസ്സങ്ങളും സ്കോളർഷിപ്പ് കൃത്യമായി വിതരണം ചെയ്യുന്നതിന് തടസ്സമാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി വരും വർഷങ്ങളിൽ പുതിയ സ്കീമായ Plan Fund Monitoring System (PFMS) ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ആദിവാസി ഊരുകളിലെ ബദൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

69 (1124) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി ഊരുകളിൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള എത്ര ബദൽ-ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെയെല്ലാമായി ആകെ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നു ; ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(സി) ഇവരുടെ വേതനം കൃത്യമായി നൽകുന്നുണ്ടോ ; ഇതിൽ കുടിശ്ശിക വന്നിട്ടുണ്ടോ ; എങ്കിൽ എത്രമാസം കുടിശ്ശികയായിട്ടുണ്ട് ; ഇത് എന്ന് നൽകും ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത അദ്ധ്യാപകരുടെ വേതനം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന് നൽകിയ ശിപാർശ എന്തെന്ന് വിശദമാക്കുമോ ; ഇത് സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് നടപ്പിലാക്കും ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലായി 321 ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു.

(ബി) 321 ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ ആകെ 371 വിദ്യാവോളന്റിയർമാർ 2014-15 അദ്ധ്യയന വർഷം ജോലി ചെയ്യുന്നു. ഇവർക്ക് പ്രതിമാസം അയ്യായിരം രൂപ (9-1-2014 മുതൽ) ഓണറേറിയവും അർഹരായ വിദ്യാ വോളന്റിയർമാർക്ക് പ്രതിമാസം അഞ്ഞൂറ് രൂപ ഹിൽ ട്രാക്ക് അലവൻസും പ്രതിവർഷം ഇരുപത് ദിവസത്തെ ആർജ്ജിതാവധി വിൽപ്പനയും അനുവദിച്ചിട്ടുണ്ട്.

(സി) വേതനം കൃത്യമായി നൽകുന്നുണ്ട്. 2015 മാർച്ചുവരെ നൽകേണ്ട ഓണറേറിയവും മറ്റ് അലവൻസുകളും ഇതിനകംതന്നെ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും അനുവദിച്ചുകൊടുത്തിട്ടുണ്ട്. ആവശ്യകതയനുസരിച്ച് ഈ തുക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർവഴി സമയബന്ധിതമായി വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly